പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

## മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെക്കുറിച്ചുള്ള ഇരുപത്തിഒന്നാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി
# (2014-2016)

**മുപ്പത്തിയഞ്ചാമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി മാസം 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെക്കുറിച്ചുള്ള**
**ഇരുപത്തിഒന്നാമത് റിപ്പോർട്ടിന്മേലുള്ള**
**ആക്ഷൻ ടേക്കൺ റിപ്പോർട്ട്]**

344/2016.

# പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി

## (2014-2016)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. വി. പി. സജീന്ദ്രൻ

<u>അംഗങ്ങൾ</u> :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

ശ്രീ. കെ. അജിത്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ

ശ്രീ. പുരുഷൻ കടലുണ്ടി

ശ്രീ. സി. കെ. സദാശിവൻ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ശശി

ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ

ശ്രീ. കെ. വി. വിജയദാസ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീ. റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

ശ്രീ. ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. സി. അജിത്, അണ്ടർ സെക്രട്ടറി.

# ആമുഖം

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതി അധികാരപ്പെട്ടുത്തിയതനുസരിച്ച് സമിതിയുടെ മുപ്പത്തിയഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി മാസം 18-ാം തീയതി ചേർന്ന സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 24.

# റിപ്പോർട്ട്

## അദ്ധ്യായം I

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി (2014-2016)-യുടെ ഇരുപത്തിഒന്നാമത് റിപ്പോർട്ട് (പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെക്കുറിച്ചുള്ളത്) 2015 ജൂലൈ 6-ാം തീയതി സഭയിൽ സമർപ്പിക്കപ്പെട്ടു. പ്രസ്തുത റിപ്പോർട്ടിൽ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട ആകെ 13 ശിപാർശകൾ ഉൾക്കൊള്ളിച്ചിരുന്നു.

2. ഇരുപത്തി ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേൽ അനന്തര നടപടി സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ പകർപ്പുകൾ 23-9-2015-ൽ സർക്കാരിലേക്ക് അയച്ചുകൊടുക്കുകയും റിപ്പോർട്ടിലെ ശിപാർശയിന്മേൽ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ച നടപടികളുടെ സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുകയുമുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ മറുപടി ലഭ്യമാക്കാത്തതിനാൽ സമിതി 30-12-2015-ൽ പട്ടികജാതി പട്ടികവർഗ്ഗ വികസനം, സഹകരണം എന്നീ വകുപ്പ് സെക്രട്ടറിമാരിൽ നിന്നും തെളിവെടുപ്പ് നടത്തുകയുണ്ടായി. പട്ടികജാതി പട്ടികവർഗ്ഗ വികസനം, സഹകരണം എന്നീ വകുപ്പുകൾ ലഭ്യമാക്കിയ മറ്റു നടപടി സ്റ്റേറ്റ്മെന്റുകൾ സമിതിയുടെ 30-12-2015, 19-1-2016 എന്നീ തീയതികളിലെ യോഗങ്ങൾ പരിഗണിക്കുകയുണ്ടായി.

3. സമിതി (2014-2016)-യുടെ ഇരുപത്തിഒന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ, അവയ്ക്ക് ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം ഈ റിപ്പോർട്ടിലെ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു. സമിതി ശിപാർശകളിന്മേൽ ലഭിച്ച മറുപടികൾ പരിഗണിച്ചതിന്റെയും തുടർന്ന് നടത്തിയ തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിലുള്ള സമിതിയുടെ തുടർശിപാർശകൾ അടങ്ങുന്ന വിശദാംശം അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

# സമിതി (2014-2016)-യുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ടിലെ ശിപാർശകൾ, സർക്കാരിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ മറുപടികൾ എന്നിവ സംബന്ധിച്ച വിശദാംശം

ബ്രാക്കറ്റിൽ പരാമർശിക്കുന്ന ഖണ്ഡികകൾ മൂലറിപ്പോർട്ടിലെ ഖണ്ഡികകളെ സൂചിപ്പിക്കുന്നു

### ശിപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 6)

സംസ്ഥാനത്തെ കയർ, കൈത്തറി സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ഇതര വിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. ലോൺ ഉൾപ്പെടെയുള്ള കോടിക്കണക്കിന് രൂപയുടെ ബാദ്ധ്യത ഗവൺമെന്റ് ഷെയറായി കൺവെർട്ട് ചെയ്ത് കൊടുക്കുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രത്യേക പരിഗണന നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കാര്യത്തിലും നൽകണമെന്നും പ്രസ്തുത സ്ഥാപനങ്ങളുടെ ലോണുകൾ കൂടി സർക്കാർ ഷെയറായി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ട് പ്രസ്തുത സഹകരണ സ്ഥാപനങ്ങളെ പ്രവർത്തനോന്മുഖമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(29-12-2015-ലെ 28690/ഇ 2/15/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സംസ്ഥാന പദ്ധതി പ്രകാരം എസ്.സി., എസ്.റ്റി. സംഘങ്ങൾക്ക് സർക്കാർ ധനസഹായമായി വായ്പകൾ നൽകുന്ന പദ്ധതി നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. എന്നാൽ മുമ്പ് എൻ.സി.ഡി.സി., മറ്റ് പദ്ധതികൾ എന്നിവ പ്രകാരം അനുവദിച്ച് നൽകിയ വായ്പകൾ ഓഹരിയായി മാറ്റുന്നതിന് സർക്കാരിലേക്ക് പ്രൊപ്പോസൽ സമർപ്പിക്കാൻ സഹകരണ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു.

(19-1-2016-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### ശിപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 9)

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കായി വിവിധ സർക്കാർ ഫണ്ടുകൾ മുഖാന്തിരമുള്ള ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ തൊട്ടുമുമ്പുള്ള മൂന്ന് വർഷം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം എന്ന നിബന്ധന പൂർണ്ണമായും ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(29-12-2015-ലെ 28690/ഇ 2/15/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സംഘങ്ങളുടെ ആകെ നഷ്ടം ഷെയർ കാപ്പിറ്റലിന്റെ 50 ശതമാനം അധികം ആകുന്ന സഹകരണ സംഘങ്ങൾക്ക് സർക്കാർ സബ്സിഡി നൽകാൻ നിലവിൽ വ്യവസ്ഥയില്ല. എന്നാൽ സഹകരണ സംഘങ്ങൾക്ക് വിവിധ സർക്കാർ ഫണ്ടുകൾ മുഖാന്തിരം ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ തൊട്ടുമുമ്പുള്ള മൂന്ന് വർഷം ലാഭത്തിൽ പ്രവർത്തിക്കണമെന്ന നിബന്ധന സഹകരണ വകുപ്പ് നിഷ്കർഷിച്ചിട്ടില്ല.

(19-1-2016-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 3 (ഖണ്ഡിക നമ്പർ 10)

കേരള സംസ്ഥാനത്തിന്റെ സാമൂഹ്യ, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ, സാംസ്കാരിക, കാർഷിക, വ്യാവസായിക മണ്ഡലങ്ങളിൽ വളരെ ആഴത്തിൽ വേരോട്ടം നടത്തിയിട്ടുള്ള സഹകരണ പ്രസ്ഥാനത്തിന് പൊതുവേയും അതിൽത്തന്നെ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് പ്രത്യേകമായും ഉണ്ടായിട്ടുള്ള ബലഹീനതകൾ സമഗ്രമായി വിലയിരുത്തപ്പെടേണ്ടത് അനിവാര്യമാണെന്ന് സമിതി കരുതുന്നു. അതിനായി സമയബന്ധിതവും പ്രായോഗികവുമായ ഒരു പരിശ്രമം സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സഹകരണ വകുപ്പിന്റെ മറുപടി

(29-12-2015-ലെ 11557/എ 2/15/സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ടി വിഷയം സംബന്ധിച്ച് പഠനം നടത്തി ഐ.സി.എം. തിരുവനന്തപുരം സമർപ്പിച്ച റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. റിപ്പോർട്ടിലെ ശീർഷകങ്ങളുടെ അടിസ്ഥാനത്തിൽ വകുപ്പുതലത്തിലുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 4 (ഖണ്ഡിക നമ്പർ 12)

പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ വന്നിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിനും പ്രസ്തുത സംഘങ്ങളുടെ ഉന്നതിക്കായി പ്രവർത്തിക്കേണ്ട ഭരണ സമിതി അംഗങ്ങൾക്കും ജീവനക്കാർക്കും ആവശ്യമായ പരിശീലനം, പഠന ക്ലാസ്സുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുന്നതിനുമായി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും സഹകരണ വകുപ്പും സംയുക്തമായി ചേർന്ന് ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സഹകരണ വകുപ്പിന്റെ മറുപടി

(29-12-2015-ലെ 11557/എ 2/15/സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

28-5-2015-ൽ ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ സംസ്ഥാനത്തുള്ള എസ്.സി. എസ്.റ്റി. സംഘങ്ങളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട് വിശദമായ വിലയിരുത്തൽ നടത്തുകയുണ്ടായി. ആകെയുള്ള എസ്.സി. എസ്.റ്റി. സംഘങ്ങളിൽ ചുരുക്കം ചിലത് ഒഴികെയുള്ള എല്ലാ സംഘങ്ങളും ഭീമമായ നഷ്ടത്തിലോ അടച്ചുപൂട്ടലിന്റെ വക്കിലോ എത്തിയിട്ടുള്ളവയാണെന്നും അനുവദിച്ച് നൽകിയിട്ടുള്ള ധനസഹായങ്ങൾ ഫലപ്രദമായ ഉപയോഗത്തിലുണ്ടായിരിക്കുന്ന വൈദഗ്ദ്ധ്യമില്ലായ്മയാണ് ഇത്തരത്തിലൊരു അവസ്ഥ സംജാതമായിരിക്കുന്നതെന്ന് യോഗം അഭിപ്രായപ്പെടുകയുണ്ടായി. ഒട്ടനവധി പരിശീലന ബോധവൽക്കരണ പദ്ധതികൾ ഇതിലേക്കായി നടത്തിയിട്ടും ഉദ്ദേശലക്ഷ്യം കൈവരിക്കുവാൻ സാധിച്ചിട്ടില്ല എന്ന സാഹചര്യം വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എസ്.സി. എസ്.റ്റി. സംഘങ്ങളെ പുനരുദ്ധരിക്കുക എന്ന ലക്ഷ്യത്തോടുകൂടി സംസ്ഥാനതലത്തിൽ പുതിയ ഒരു കർമ്മ പദ്ധതി തയ്യാറാക്കുവാൻ യോഗം തീരുമാനിച്ചു ഇതിനുപുറമേ എസ്.സി. എസ്.റ്റി. വകുപ്പുമായി ചേർന്ന് വർക്ക്ഷോപ്പുകൾ ജില്ലാതലത്തിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2015 ആഗസ്റ്റ് മാസം മൂന്നാറിൽ വച്ച് ചേർന്ന വിഷൻ 2025-ൽ ഉരുത്തിരിഞ്ഞു വന്ന ശിപാർശകളുടെ അടിസ്ഥാനത്തിൽ എസ്.സി. എസ്.റ്റി. സംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുനരുദ്ധരിക്കുന്നതിനും പരിശീലനം നൽകുന്നതിന് തിരുവനന്തപുരം കണ്ണൂർ ഐ.സി.എം.കളുമായി ബന്ധപ്പെട്ട് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 2016 ജനുവരിയിൽ ആദ്യഘട്ട പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം നൽകുന്ന തരത്തിൽ, അവയുടെ വരവ്-ചെലവ് കണക്കുകൾ പരിശീലന പദ്ധതികൾ, വിപണി കണ്ടെത്തൽ, ആസൂത്രണ പാടവം, കാര്യക്ഷമമായ ധനകാര്യ പദ്ധതി മാനേജ്മെന്റ് എന്നിവയിൽ ആവശ്യമായ സഹകരണവും മാർഗ്ഗനിർദ്ദേശങ്ങളും നൽകിക്കൊണ്ട് മത്സരാന്തരീക്ഷത്തിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുവാൻ സംഘങ്ങളെ സജ്ജരാക്കുക എന്ന ലക്ഷ്യത്തോടുകൂടി ഒരു പദ്ധതി തയ്യാറാക്കി സമർപ്പിക്കുവാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് എന്ന ട്രെയിനിംഗ് സ്ഥാപനത്തിന്റെ ഡയറക്ടറെ ചുമതലപ്പെടുത്തുകയും പഠന ക്ലാസ്സുകൾ, വർക്ക്ഷോപ്പുകൾ, പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിലേക്കായുള്ള (ഭരണ സമിതി അംഗങ്ങൾക്കും സംഘം ജീവനക്കാർക്കും) പദ്ധതി വിഭാവനം ചെയ്തിട്ടുള്ള പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുള്ളതും വരുന്ന 5 വർഷത്തേക്ക് ടി പദ്ധതികൾക്കായി ആവശ്യം വരുന്ന ചെലവുകളെ സംബന്ധിച്ചിട്ടുള്ള വിവരങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂട്ടായ ചർച്ചകളിലൂടെ ടി പദ്ധതി നടപ്പിലാക്കുന്ന തിനുമുള്ള നടപടി സ്വീകരിക്കുന്നതാണ്.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു)

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകപ്പിന്റെ മറുപടി</u>

(29-12-2015-ലെ 26175/ബി3/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി സഹകരണ സംഘങ്ങളിലെ ജീവനക്കാർക്കും ഭരണ സമിതി അംഗങ്ങൾക്കും ആവശ്യമായ പരിശീലനം, പഠനക്ലാസ്സുകൾ, വർക്ക്ഷോപ്പുകൾ എന്നിവ സഹകരണ വകുപ്പുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന വിഷയത്തിൽ അഭിപ്രായം സമർപ്പിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-12-2015-ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി</u>

(29-12-2015-ലെ 28690/ഇ 2/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സംസ്ഥാനത്തുള്ള എസ്.റ്റി. സംഘങ്ങളുടെ പ്രവർത്തനം വിശദമായി വിലയിരുത്തിയിട്ടുണ്ട്. ആകെയുള്ള എസ്.റ്റി. സംഘങ്ങളിൽ ഭൂരിഭാഗവും ഭീമമായ നഷ്ടത്തിലോ അടച്ചുപൂട്ടലിന്റെ വക്കിലോ എത്തിയിരിക്കുകയാണെന്നും അനുവദിച്ചു നൽകിയിട്ടുള്ള ധനസഹായങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലുള്ള വൈദഗ്ദ്ധ്യമില്ലായ്മയാണ് ഇതിന് കാരണമെന്ന് കണ്ടെത്തിയിട്ടുണ്ട്. പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിലെ അംഗങ്ങളുടെ വിദ്യാഭ്യാസപരമായ പിന്നോക്കാവസ്ഥയും നേതൃത്വപാടവത്തിന്റെയും ഭരണവൈഭവത്തിന്റെയും കുറവുകൾ സംഘങ്ങളുടെ ഭരണത്തെ കാര്യമായി സ്വാധീനിക്കുന്നുണ്ട്.

എസ്.സി. എസ്.റ്റി. സംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനും പുനരുദ്ധരിക്കുന്നതിനും പരിശീലനം നൽകുന്നതിന് തിരുവനന്തപുരം, കണ്ണൂർ ഐ.സി.എം. കളുമായി ബന്ധപ്പെട്ട് കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. 2016 ജനുവരിയിൽ ആദ്യഘട്ട പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സംഘങ്ങളുടെ പ്രവർത്തനങ്ങൾക്ക് ദിശാബോധം നൽകുന്നതരത്തിൽ അവയുടെ വരവുചെലവ് കണക്കുകൾ, പരിശീലന പദ്ധതികൾ, വിപണി കണ്ടെത്തൽ, ആസൂത്രണ പാടവം, കാര്യക്ഷമമായ ധനകാര്യ പദ്ധതി, മാനേജ്മെന്റ് എന്നിവയിൽ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ സംഘങ്ങളെ സജ്ജമാക്കുക എന്ന ലക്ഷ്യത്തോടെ ഒരു പദ്ധതി നടപ്പിലാക്കുന്നതിന് പ്രോജക്ട് പ്രൊപ്പോസൽ സഹകരണ വകുപ്പ് മുഖാന്തിരം സമർപ്പിക്കുന്നതാണ്.

(19-1-2016-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 5 (ഖണ്ഡിക നമ്പർ 15)</u>

സ്വന്തമായി ഭൂമിയും കെട്ടിടവും ഉണ്ടായിട്ടും പ്രവർത്തനരഹിതമായി കിടക്കുന്ന സഹകരണ സംഘങ്ങളെ കണ്ടെത്തുന്നതിനും അവ തൽക്കാലം പ്രവർത്തനരഹിതമാണെങ്കിൽ പോലും അവയെ പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകുന്നതിനും പ്രവർത്തിക്കാതെ കിടക്കുന്ന സഹകരണ സംഘങ്ങൾക്ക് മുമ്പ് ഒരു ലക്ഷം രൂപ നൽകിയിരുന്നു എന്ന് പറഞ്ഞ് അവയെ തള്ളിക്കളയാതെ പുതിയ അംഗങ്ങളെ ചേർത്ത് പുനരുജ്ജീവിപ്പിക്കുന്നതിനും ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം പ്രവർത്തനരഹിതമെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട 447 സംഘങ്ങളിൽ എത്ര സംഘങ്ങൾക്ക് സ്വന്തമായി ഭൂമിയും കെട്ടിടവും ഉണ്ടെന്ന് കണ്ടെത്തണമെന്നും അതു സംബന്ധിച്ച് വിശദമായ കണക്ക് സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(എ) <u>സഹകരണ വകുപ്പിന്റെ മറുപടി</u>

(29-12-2015-ലെ 11557/എ 2/15/സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സഹകരണ വകുപ്പിന്റെ കീഴിലുള്ള പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ വികസനത്തിനും, പുനരുദ്ധാരണത്തിനുമായി വളരെ കുറച്ച് തുക മാത്രമേ മുൻവർഷങ്ങളിലെ സംസ്ഥാന വാർഷിക പദ്ധതിയിൽ വകയിരുത്തിയിരുന്നുള്ളൂ. ടി സംഘങ്ങളുടെ പ്രവർത്തനം സംബന്ധിച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് പഠനം നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2012-13 വർഷം മുതൽ സംസ്ഥാന പദ്ധതി തുകയിൽ കാര്യമായ വർദ്ധനവ് ഉണ്ടായി. അപ്രകാരം 2012-13 വർഷത്തിൽ 200 ലക്ഷം രൂപയും, 2013-14 വർഷത്തിൽ 400 ലക്ഷം രൂപയും, 2014-15 വർഷത്തിൽ 600 ലക്ഷം രൂപയും, ബഡ്ജറ്റിൽ വകയിരുത്തുകയും ആയത് വിവിധ പദ്ധതികളിലൂടെ സംഘങ്ങൾക്ക് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. 2015-16 വർഷത്തിലും 600 ലക്ഷം രൂപ എസ്.സി. എസ്.റ്റി. സംഘങ്ങളുടെ വികസനത്തിനും പുനരുദ്ധാരണത്തിനുമായി വകയിരുത്തിയിട്ടുള്ളതും, ടി തുക സംഘങ്ങൾക്ക് അനുവദിച്ചു നൽകുന്നതിനുമുള്ള നടപടികളും സ്വീകരിച്ചുവരുന്നു. 2011-12 വർഷം മുതൽ വിവിധ പദ്ധതികളിലൂടെ എസ്.സി. എസ്.റ്റി. സംഘങ്ങൾക്ക് അനുവദിച്ച ധനസഹായത്തിന്റെ വിശദവിവരം അനുബന്ധം III-ൽ ചേർത്തിരിക്കുന്നു.

പ്രവർത്തനമൂലധനത്തിന്റെ അഭാവവും, മറ്റ് പല കാരണങ്ങളാലും പ്രവർത്തനരഹിതമായ സംഘങ്ങളെ പുനരുദ്ധരിച്ച് പ്രവർത്തനക്ഷമമാക്കുന്നതിനുവേണ്ടിയാണ് 2011-12 വർഷം മുതൽ സഹകരണ വകുപ്പ് പുനരുദ്ധാരണ പദ്ധതി നടപ്പിലാക്കിവരുന്നത്. ഇപ്രകാരം ഒരു സംഘത്തിന് പരമാവധി 6 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്.

ഏകദേശം എല്ലാ എസ്.സി. എസ്.റ്റി. സംഘങ്ങൾക്കും ടി പദ്ധതി പ്രകാരമുള്ള ധനസഹായം ലഭ്യമാക്കിയിട്ടുണ്ട്. ഇനിയും സംഘങ്ങൾക്ക് ടി സ്കീം പ്രകാരം ധനസഹായം നൽകുന്നതിന് ബന്ധപ്പെട്ട റൂളിൽ ഭേദഗതിവരുത്തി ധനസഹായ തുകയുടെ പരിധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ള എസ്.സി. എസ്.റ്റി. സംഘങ്ങളുടെ ഓഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിനാണ് 2013-14 വർഷം മുതൽ കെട്ടിട പുനരുദ്ധാരണ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചത്. ഇതുപ്രകാരം ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്. ടി പദ്ധതി പ്രകാരം ഇതിനകം 123 സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പ്രവർത്തനരഹിതമായതിനുള്ള കാരണങ്ങളിൽ പ്രമുഖ ജീവനക്കാരുടെ അഭാവം ആണ്. സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നതുമൂലം ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന തുച്ഛമായ ശമ്പളം പോലും ലഭിക്കാതാവുകയും ജീവനക്കാർ സേവനം മതിയാക്കി മറ്റ് മേഖലകളിലേക്ക് പോകേണ്ടിവരികയും തദ്വാര സംഘങ്ങൾ പ്രവർത്തനരഹിതമാകുകയും ചെയ്യുന്നു. ടി വിഷയം കണക്കിലെടുത്ത് മുൻവർഷങ്ങളിൽ അനുവദിച്ചു നൽകിയിരുന്ന മാനേജീരിയൽ സബ്സിഡി 2013-14 വർഷം മുതലും, പ്രതിമാസം 5,000 രൂപ നിരക്കിൽ ഒരു സംഘത്തിന് 60,000 രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതനുസരിച്ച് 2013-14 വർഷത്തിൽ 129 സംഘങ്ങൾക്കും 2014-15 വർഷത്തിൽ 156 സംഘങ്ങൾക്കും മാനേജീരിയൽ സബ്സിഡി അനുവദിച്ചു നൽകിയിരുന്നു. എന്നാൽ മൂന്നാമത്തെ വർഷം മുതൽ പ്രതിമാസം 3,000 രൂപ നിരക്കിൽ (36,000 രൂപ) നൽകുന്നതിനാണ് റൂളിൽ വ്യവസ്ഥയുള്ളത്. പ്രസ്തുത റൂളിൽ ഭേദഗതി വരുത്തി മാനേജീരിയൽ സബ്സിഡി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

സഹകരണ വകുപ്പിന്റെ ഇത്തരം പ്രവർത്തനങ്ങളിലൂടെ സ്വന്തമായി ഭൂമിയും കെട്ടിടവുമുള്ള പല പ്രവർത്തനരഹിതമായ സംഘങ്ങളേയും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും, ഭരണ സമിതിയെ തെരഞ്ഞെടുത്ത്, ആവശ്യമായ ജീവനക്കാരെ സംഘങ്ങളിൽ നിയമിക്കുന്നതിനുള്ള നടപടികൾ ജില്ലാതല ഓഫീസർമാർ വഴി സ്വീകരിച്ചുവരുന്നുണ്ട്. ഇക്കാര്യത്തിൽ സത്വരം നടപടികൾ സ്വീകരിക്കുന്നതിനും പ്രവർത്തന പുരോഗതി വിലയിരുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനും എസ്.എസ്.റ്റി. ഫെഡറേഷന് നിർദ്ദേശം നൽകാവുന്നതാണ്.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(ബി) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി</u>

(29-12-2015-ലെ 26175/ബി3/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പ്രവർത്തനരഹിതമായ സഹകരണ സംഘങ്ങളെ കണ്ടെത്തി പ്രവർത്തന ക്ഷമമാക്കാനുള്ള പദ്ധതികൾക്ക് മുൻതൂക്കം നൽകണമെന്നും പ്രവർത്തനരഹിതമെന്ന് റിപ്പോർട്ട് ചെയ്യപ്പെട്ട സഹകരണ സംഘങ്ങളിൽ എത്ര സംഘങ്ങൾക്ക് സ്വന്തമായി ഭൂമിയും കെട്ടിടവും ഉണ്ടെന്ന് കണ്ടെത്തണമെന്നുമുള്ള സമിതി ശിപാർശയിന്മേൽ പ്രൊപ്പോസൽ സമർപ്പിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(സി) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി</u>

(29-12-2015-ലെ 28690/ഇ 2/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ള എസ്.സി. എസ്.റ്റി. സംഘങ്ങളുടെ ഓഫീസ് കെട്ടിടം പുനരുദ്ധരിക്കുന്നതിനാണ് 2013-14 വർഷം മുതൽ കെട്ടിട പുനരുദ്ധാരണ ഗ്രാന്റ് അനുവദിക്കുന്ന പദ്ധതി ആവിഷ്കരിച്ചത്. ഇത് പ്രകാരം ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപ ലഭിക്കുന്നതിന് അർഹതയുണ്ട്. ടി പദ്ധതി പ്രകാരം ഇതിനകം 123 സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ പ്രവർത്തന രഹിതമായതിനുള്ള കാരണങ്ങളിൽ പ്രമുഖമാണ് ജീവനക്കാരുടെ അഭാവം. സംഘങ്ങൾ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്നതുമൂലം ജീവനക്കാർക്ക് ലഭിച്ചുകൊണ്ടിരുന്ന തുച്ഛമായ ശമ്പളം പോലും ലഭിക്കാതാകുകയും ജീവനക്കാർ സേവനം മതിയാക്കി മറ്റ് മേഖലകളിലേക്ക് പോകേണ്ടിവരികയും തദ്വാരാ സംഘങ്ങൾ പ്രവർത്തനരഹിതമാകുകയും ചെയ്യുന്നു. ടി വിഷയം കണക്കിലെടുത്ത് മുൻവർഷങ്ങളിൽ അനുവദിച്ചു നൽകിയിരുന്ന മാനേജീരിയൽ സബ്സിഡി 2013-14 വർഷം മുതലും, പ്രതിമാസം 5,000 രൂപ നിരക്കിൽ ഒരു സംഘത്തിന് 60,000 രൂപ ധനസഹായം നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കുകയുണ്ടായി. ഇതനുസരിച്ച് 2013-14 വർഷത്തിൽ 129 സംഘങ്ങൾക്കും, 2014-15 വർഷത്തിൽ 156 സംഘങ്ങൾക്കും മാനേജീരിയൽ സബ്സിഡി അനുവദിച്ചു നൽകിയിരുന്നു. എന്നാൽ മൂന്നാമത്തെ വർഷം മുതൽ പ്രതിമാസം 3,000 രൂപ നിരക്കിൽ (36,000 രൂപ) നൽകുന്നതിനാണ് റൂളിൽ വ്യവസ്ഥയുള്ളത്. പ്രസ്തുത റൂളിൽ ഭേദഗതി വരുത്തി മാനേജീരിയൽ സബ്സിഡി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി വകുപ്പുതലത്തിൽ സ്വീകരിച്ചുവരുന്നു.

സഹകരണ വകുപ്പിന്റെ ഇത്തരം പ്രവർത്തനങ്ങളിലൂടെ സ്വന്തമായി ഭൂമിയും കെട്ടിടവുമുള്ള പല പ്രവർത്തനരഹിതമായ സംഘങ്ങളെയും തുറന്ന് പ്രവർത്തിപ്പിക്കുന്നതിനും

ഭരണ സമിതിയെ തെരഞ്ഞെടുത്ത് ആവശ്യമായ ജീവനക്കാരെ സംഘങ്ങളിൽ നിയമിക്കുന്നതിനുള്ള നടപടികൾ ജില്ലാതല ഓഫീസർമാർ വഴി സ്വീകരിച്ചുവരുന്നുണ്ട്.

പ്രവർത്തനരഹിതമെന്ന് റിപ്പോർട്ട് ചെയ്ത 447 സംഘങ്ങളിൽ സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ള സംഘങ്ങളുടെ വിവരം ശേഖരിച്ച് സമർപ്പിക്കുന്നതാണ്.

(19-1-2016-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 6 (ഖണ്ഡിക നമ്പർ 16)

സംസ്ഥാനത്തെ പ്രവർത്തനയോഗ്യമായ പട്ടികജാതി പട്ടികവർഗ്ഗ സൊസൈറ്റികൾക്ക് പെയ്ഡ് സെക്രട്ടറിമാർ നിർബന്ധമായും ഉണ്ടായിരിക്കുവാനും ആദിവാസി മേഖലകളിൽ പ്രത്യേകിച്ചും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ ഇടയിൽ പൊതുവായും ഉള്ള വിഷമതകൾ പഠിച്ച് സർക്കാരിന് വിവിധ പ്രൊപ്പോസലുകൾ സമർപ്പിക്കാൻ കഴിവുള്ള എച്ച്.ഡി.സി./ജെ.ഡി.സി., പാസ്സായ എസ്.സി. എസ്.റ്റി. വിഭാഗങ്ങളിലുള്ളവരെ സെലക്ട് ചെയ്ത് ഇത്തരം സംഘങ്ങളുടെ സെക്രട്ടറിമാരാക്കുവാനും പര്യാപ്തമായ വിധത്തിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, സഹകരണ വകുപ്പ് പുറപ്പെടുവിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സഹകരണ വകുപ്പിന്റെ മറുപടി

(29-12-2015-ലെ 11557/എ 2/15/സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളിൽ വിദ്യാഭ്യാസമുള്ളവരോ വൈദഗ്ദ്ധ്യമുള്ളവരോ അല്ല സംഘത്തിലെ ജീവനക്കാരും ഭരണ സമിതി അംഗങ്ങളും. ടി കാരണത്താൽ ശരിയായ ദിശാബോധം ഉൾക്കൊണ്ടുകൊണ്ട് തീരുമാനം എടുക്കുന്നതിനും അവ നടപ്പിൽ വരുത്തുന്നതിനും സാധിക്കാതെ വരുന്നു. സ്ഥിരവരുമാനം ലഭിക്കാത്തതിനാൽ ജോലിയിൽ തുടരുന്നതിനോ സംഘത്തിന്റെ ഉന്നമനത്തിനായി പ്രവർത്തിക്കുവാനോ ജീവനക്കാർ തയ്യാറാകുന്നില്ല. തുച്ഛമായ ശമ്പളത്തിൽ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കുക സാദ്ധ്യമല്ല. നിശ്ചിത യോഗ്യതയുള്ള സെക്രട്ടറിമാർക്ക് സംഘത്തിന്റെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ശമ്പള സ്കെയിൽ അനുവദിക്കുന്നതിനും ഓരോ സംഘത്തിന്റെയും പ്രവർത്തനം വിലയിരുത്തി മൊത്ത ശമ്പളത്തിൽ സേവനം അനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് മാനേജീരിയൽ സബ്സിഡി (സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹായം) തുക തുടർന്നും നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## ശിപാർശ നമ്പർ 7 (ഖണ്ഡിക നമ്പർ 18)

സഹകരണ വകുപ്പിന്റെ ഗ്രാന്റുകൾക്കുപുറമെ എസ്.സി. എസ്.റ്റി. കോർപ്പസ് ഫണ്ടിൽ നിന്നു കൂടി ഗ്രാന്റുകൾ അനുവദിക്കപ്പെടുകയാണെങ്കിൽ ഗ്രാമീണ മേഖലയിൽ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് വൈവിദ്ധ്യമാർന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും കൂടുതൽ യൂണിറ്റുകൾ രൂപീകരിച്ചുകൊണ്ട് സ്വയംതൊഴിൽ സംരംഭങ്ങൾ ആരംഭിക്കുവാനും കഴിയുമെന്ന് സമിതി വിലയിരുത്തുന്നു. ആകയാൽ സഹകരണ വകുപ്പും, എസ്.സി. എസ്.റ്റി. വകുപ്പും ഇക്കാര്യത്തിൽ യോജിച്ചു പ്രവർത്തിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### (എ) സഹകരണ വകുപ്പിന്റെ മറുപടി

(29-12-2015-ലെ 11557/എ 2/15/സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പ്രാഥമിക പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനും അവയുടെ പ്രവർത്തനം വിപുലീകരിക്കുന്നതിനുമായി പട്ടികജാതി വികസന വകുപ്പിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന്റെ ഭാഗമായി പട്ടികജാതി വികസന വകുപ്പിലെ ഫിനാൻസ് ഓഫീസറുടെ സാന്നിദ്ധ്യത്തിൽ സഹകരണ സംഘം രജിസ്ട്രാർ 11-9-2015-ൽ വിളിച്ചു ചേർത്ത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 50,000 രൂപയിൽ അധികരിച്ചവയും കഴിഞ്ഞ മൂന്ന് വർഷത്തെ ഓഡിറ്റ് സ്റ്റേറ്റ്മെന്റ് ലഭ്യമായിട്ടുള്ളതും, എം.ഡി.എസ്. നടത്തി കൃത്യമായ തിരിച്ചടവുള്ളതും 50,000 രൂപ പ്രതിമാസ കമ്മീഷൻ ലഭിക്കുന്നതും, സ്വാശ്രയ സംഘം രൂപീകരിച്ച് പ്രവർത്തിക്കുന്നതും, ഓപ്പറേഷണൽ പ്രോഫിറ്റുള്ളതും, അറ്റനഷ്ട ശതമാനം 50%-ത്തിൽ അധികരിക്കാത്തതുമായ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ കൃത്യമായ പരിശീലനവും തുടർ പ്രവർത്തനവും നൽകി ഗഡുക്കളായി ധനസഹായം നൽകി പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങളെ പ്രവർത്തനസജ്ജമാക്കുന്നതിന് സഹായിക്കുന്ന പ്രോജക്ട് ഐ.സി.എം.വഴി തയ്യാറാക്കാൻ (പൂൾഡ് ഫണ്ട്) അടിയന്തര നടപടി സ്വീകരിക്കണമെന്ന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ സംഘങ്ങളിൽ നിന്നും അർഹതയുള്ള അപേക്ഷകളിൽ ലഭ്യമാകുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പട്ടികജാതി ജനവിഭാഗങ്ങളുടെ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും കുറഞ്ഞത് 5 പട്ടികജാതി അംഗങ്ങൾക്കെങ്കിലും തൊഴിൽ നൽകുകയും ചെയ്യാൻ കഴിയുന്നതുമായ പട്ടികജാതി സഹകരണ സംഘങ്ങൾ, മത്സ്യ സഹകരണ സംഘങ്ങൾ, കയർ സഹകരണ സംഘങ്ങൾ തുടങ്ങിയ സഹകരണ

സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിക്കും പട്ടികജാതി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും സ്വാശ്രയ ഗ്രൂപ്പുകളിൽ തിരിച്ചടവ് ശേഷി വർദ്ധിപ്പിച്ച് സാമ്പത്തിക പുരോഗതിക്ക് സഹായിക്കുന്ന ഒരു പദ്ധതിക്കും പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് വിനിയോഗിച്ചുകൊണ്ട് നടപ്പിലാക്കുവാൻ 26-9-2015-ലെ സ.ഉ.(സാധാ.) നമ്പർ 1560/15/പജപവവിവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ടി ഉത്തരവിലെ നിർദ്ദേശപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടി പട്ടികജാതി വികസന വകുപ്പ് സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് സഹകരണ വകുപ്പിന്റെ ശിപാർശയോടുകൂടി പൂൾഡ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. നിലവിൽ മാനന്തവാടിയിലെ പ്രിയദർശിനി തോട്ടവും അട്ടപ്പാടി ഫാം സൊസൈറ്റിയും സമർപ്പിക്കുന്ന വിവിധ പദ്ധതികൾക്ക് കോർപ്പസ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(ബി) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിൽ നിന്നു ലഭ്യമായ മറുപടി</u>

(29-12-2015-ലെ 26175/ബി3/15/പജപവവിവ.നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി ജനവിഭാഗങ്ങളുടെ തൊഴിൽ, വരുമാനം എന്നിവ വർദ്ധിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും കുറഞ്ഞത് 5 പട്ടികജാതി അംഗങ്ങൾക്കെങ്കിലും തൊഴിൽ നൽകുകയും ചെയ്യാൻ കഴിയുന്നതുമായ പട്ടികജാതി സഹകരണ സംഘങ്ങൾ, മത്സ്യ സഹകരണ സംഘങ്ങൾ, കയർ സഹകരണ സംഘങ്ങൾ തുടങ്ങിയ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിക്കുന്ന പദ്ധതിക്കും പട്ടികജാതി സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനും, സ്വാശ്രയ ഗ്രൂപ്പുകളിൽ തിരിച്ചടവ് ശേഷി വർദ്ധിപ്പിച്ച് സാമ്പത്തിക പുരോഗതിക്ക് സഹായിക്കുന്ന ഒരു പദ്ധതിക്കും 26-9-2015-ലെ സ.ഉ.(സാധാ.) നമ്പർ 1560/15/പജപവവിവ. പ്രകാരം സർക്കാർ അനുമതി നൽകിയിട്ടുണ്ട്. മേൽ പരാമർശിച്ച രണ്ട് പദ്ധതികൾക്കും പട്ടികജാതി വികസന വകുപ്പിന്റെ ഫണ്ട് വിനിയോഗിക്കാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം പദ്ധതി നടപ്പിലാക്കുന്നതിനുള്ള തുടർനടപടി സ്വീകരിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ സമിതി നിർദ്ദേശപ്രകാരമുള്ള പ്രൊപ്പോസൽ സഹകരണ വകുപ്പ് ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടി കൈക്കൊള്ളുന്നതാണ്.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട്

(29-12-2015-ലെ 28690/ഇ 2/15/പജപവവിവ.നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾ സഹകരണ വകുപ്പിന്റെ ശിപാർശയോടുകൂടി പൂൾഡ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കുന്നുണ്ട്. നിലവിൽ മാനന്തവാടി പ്രിയദർശിനി തോട്ടവും അട്ടപ്പാടി ഫാം സൊസൈറ്റിയും സമർപ്പിക്കുന്ന വിവിധ പദ്ധതികൾക്ക് കോർപ്പസ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ചുവരുന്നുണ്ട്.

(19-1-2016-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 8 (ഖണ്ഡിക നമ്പർ 19)

സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ കഴിഞ്ഞ അഞ്ച് വർഷക്കാലയളവിൽ ഗ്രാന്റിനത്തിലും, മറ്റും എത്ര രൂപ കൈപ്പറ്റിയിട്ടുണ്ടെന്നും വ്യക്തമായ രേഖകളില്ലാതെ ഗുണഭോക്താക്കൾക്ക് എത്ര തുക വായ്പയായി അനുവദിച്ചിട്ടുണ്ടെന്നതും സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിച്ച് സമിതിക്ക് ലഭ്യമാക്കണമെന്ന് സമിതി സഹകരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

സഹകരണ വകുപ്പിന്റെ മറുപടി

(29-12-2015-ലെ 11557/എ 3/2015/സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സംസ്ഥാനത്തെ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞ 5 വർഷക്കാലയളവിൽ വായ്പകളൊന്നും അനുവദിച്ചുനൽകിയിട്ടില്ല. 2011-12 വർഷം മുതൽ പ്രസ്തുത സംഘങ്ങൾക്ക് ഓഹരി, സബ്സിഡി എന്നീയിനങ്ങളിലായി വിവിധ പദ്ധതികളിലൂടെ അനുവദിച്ചുനൽകിയ ധനസഹായത്തിന്റെ വിശദവിവരം അനുബന്ധം I-ൽ ചേർത്തിരിക്കുന്നു.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 9 (ഖണ്ഡിക നമ്പർ 21)

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിക്കുമ്പോൾ സഹകരണ വകുപ്പിന്റെ കീഴിലുള്ള പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനാവശ്യമായ പദ്ധതികൾ കൂടി ആവിഷ്കരിച്ച് അതിനാവശ്യമായ ഫണ്ടുകൂടി വകയിരുത്തുവാൻ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

(29-12-2015-ലെ 26175/ബി3/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി വികസന വകുപ്പ് 2015-16 സാമ്പത്തിക വർഷം, ഖണ്ഡിക 18-നുള്ള മറുപടിയിൽ പരാമർശിക്കുന്ന രണ്ട് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ആയതിനാവശ്യമായ തുകയും വകുപ്പിന്റെ ശീർഷകത്തിൽ ലഭ്യമാണ്. പ്രസ്തുത പദ്ധതികളുടെ നിർവ്വഹണ പുരോഗതി പരിശോധിച്ച് വിലയിരുത്തിയതിനുശേഷം സമിതി നിർദ്ദേശ പ്രകാരം കൂടുതൽ തുക ബഡ്ജറ്റിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(29-12-2015-ലെ 28690/ഇ 2/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി പട്ടികവർഗ്ഗ ഫെഡറേഷന്റെയും സഹകരണ സംഘത്തിന്റെയും കീഴിലുള്ള പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ആവശ്യമായ പുതിയ പദ്ധതികൾ മേൽപ്പറഞ്ഞ വകുപ്പുകളുടെ സഹകരണത്തോടെ ആവിഷ്കരിക്കുന്നതാണ്.

(19-1-2016-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 10 (ഖണ്ഡിക നമ്പർ 22)

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ ഭൂമിയും കെട്ടിടവും അനിവാര്യമായതിനാൽ ഭൂമിയും കെട്ടിടവും സ്വന്തമായുള്ള സഹകരണ സംഘങ്ങളുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് സഹകരണ വകുപ്പുമായി സഹകരിച്ച് പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് തൊഴിലവസരം സൃഷ്ടിക്കാനുള്ള പദ്ധതികൾ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിലേക്കായി ജില്ലാതല പട്ടികജാതി പട്ടികവർഗ്ഗ ഓഫീസർമാർ അതത് പ്രദേശത്തെ സഹകരണ സംഘങ്ങളുടെ മീറ്റിംഗ് വിളിച്ചുചേർത്ത് അവരുമായി തൊഴിൽ സാദ്ധ്യതയുള്ള മേഖലകളെക്കുറിച്ച് ചർച്ച നടത്തി അനുയോജ്യമായ പ്രൊപ്പോസലുകൾ കണ്ടെത്തി സമർപ്പിക്കുവാൻ നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(എ) സഹകരണ വകുപ്പിന്റെ മറുപടി

(29-12-2015-ലെ 11557/എ 3/2015/സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

അഭ്യസ്തവിദ്യരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകി തൊഴിൽ കണ്ടെത്തുന്നതിലേക്കായി സ്വന്തമായി ഭൂമിയും

കെട്ടിട സൗകര്യങ്ങളുമുള്ള എസ്.സി. എസ്.റ്റി. സംഘങ്ങളെ തെരഞ്ഞെടുത്ത് കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ നടത്തുന്നതിനുള്ള പദ്ധതിയും 2014-15 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. പരിശീലനം പൂർത്തിയാക്കുന്ന പഠിതാക്കൾക്ക് സി-ഡിറ്റ്, സി-ഡാക്ക് എൽ.ബി.എസ്. എന്നിവ പോലുള്ള സർക്കാർ അംഗീകൃത ഏജൻസികൾ മുഖേനയാണ് സർട്ടിഫിക്കറ്റുകൾ നൽകുന്നത്. ടി പദ്ധതിക്കായി ഇതിനകം 13 സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. ഒരു സംഘത്തിന് പരമാവധി 5 ലക്ഷം രൂപ നൽകുവാനാണ് വ്യവസ്ഥയുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളിൽ കൂടുതൽ തൊഴിലവസരം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടുകൂടി സഹകരണ വകുപ്പ് എസ്.സി. എസ്.റ്റി. സംഘങ്ങൾ മുഖേന റിവൈവൽ സ്കീം ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി സ്കീം പ്രകാരം നടപ്പിലാക്കുന്ന പ്രോജക്റ്റുകൾവഴി കുറഞ്ഞത് 10 പേർക്കെങ്കിലും തൊഴിൽ നൽകുന്നതിന് റൂളിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭൂരിഭാഗം സംഘങ്ങളിലും സ്വാശ്രയ ഗ്രൂപ്പുകൾ രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. സംഘത്തിന് റിവൈവൽ സ്കീം പ്രകാരം ലഭിക്കുന്ന ധനസഹായംകൊണ്ട് ടി സ്വാശ്രയ ഗ്രൂപ്പുകൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ നൽകി അവരിലൂടെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് കൂടുതൽ സംഘങ്ങൾക്കും താല്പര്യം. വ്യക്തികൾക്ക് നൽകുന്നതിനേക്കാൾ ഇത്തരം ഗ്രൂപ്പുകൾക്ക് വായ്പ നൽകിയാൽ തിരിച്ചടവിൽ മുടക്കം ഉണ്ടാകാറില്ലെന്നും ടി തുകകൊണ്ട് മറ്റുള്ളവർക്ക് വായ്പ നൽകി കൂടുതൽ തൊഴിൽ അവസരം സൃഷ്ടിക്കുവാനും കഴിയുന്നുണ്ട്. സംഘം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ സ്വഭാവംകൂടി കണക്കിലെടുത്തുകൊണ്ടുള്ള പ്രോജക്റ്റുകളാണ് സാധാരണയായി ധനസഹായത്തിന് സംഘം സമർപ്പിക്കാറുള്ളത്. അപ്രകാരം ലഭിച്ചിട്ടുള്ള പ്രോജക്റ്റുകളിൽ ആയത് നടപ്പിലാക്കുന്നതിന് സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുനൽകിയിട്ടുണ്ട്. ആയതിന്റെ വിശദവിവരം അനുബന്ധം II-ൽ ചേർത്തിട്ടുണ്ട്.

പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ മീറ്റിംഗ് ജില്ലാതലത്തിൽ വിളിച്ചുചേർത്ത് പുതിയ വ്യവസായങ്ങൾ, സഹകരണ മേഖലയിൽ ആരംഭിക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി ആയതിന്മേൽ നടപടി സ്വീകരിക്കുവാൻ ജില്ലാതല ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ പട്ടികവർഗ്ഗ വികസന വകുപ്പ് സ്വീകരിച്ചുവരുന്നു. സ്വന്തമായി ഭൂമിയും കെട്ടിടവും ഉള്ള സഹകരണ സംഘങ്ങൾക്ക് തൊഴിൽ അവസരം സൃഷ്ടിക്കുന്നതിനുള്ള പദ്ധതികൾ ജില്ലാതല സംഘങ്ങളുമായി ചർച്ചചെയ്ത് ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് സഹകരണ വകുപ്പുമായി ആലോചിച്ച് അനുയോജ്യമായ മേഖല കണ്ടെത്തുന്നതാണെന്ന് പട്ടികജാതി വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

(29-12-2015-ലെ 26175/ബി3/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സമിതി നിർദ്ദേശപ്രകാരമുള്ള പ്രൊപ്പോസൽ സമർപ്പിക്കാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(29-12-2015-ലെ 28690/ഇ 2/2015/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ മീറ്റിംഗ് ജില്ലാതലത്തിൽ വിളിച്ചുചേർത്ത് പുതിയ വ്യവസായങ്ങൾ, സഹകരണ മേഖലയിൽ ആരംഭിക്കുന്നതിനായി ജില്ലാതല. ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തുന്നതാണെന്ന വിവരം അറിയിക്കുന്നു.

അഭ്യസ്തവിദ്യരായ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളിലെ യുവജനങ്ങൾക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകി തൊഴിൽ കണ്ടെത്തുന്നതിലേക്കായി സ്വന്തമായി ഭൂമിയും കെട്ടിട സൗകര്യങ്ങളുമുള്ള എസ്.സി. എസ്.റ്റി. സംഘങ്ങളെ തെരഞ്ഞെടുത്ത് കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ നടത്തുന്നതിനുള്ള പദ്ധതി 2014-15 വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്.

(19-1-2016-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 11 (ഖണ്ഡിക നമ്പർ 23)

പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവരും ഐ.റ്റി. മേഖലയിൽ ഉന്നതവിദ്യാഭ്യാസം നേടിയവരുമായ ചെറുപ്പക്കാർക്കുവേണ്ടി കേരളത്തിലെ സാമൂഹ്യ സാഹചര്യങ്ങൾക്കനുസൃതമായ പ്രോജക്ടുകൾ കണ്ടെത്തണമെന്നും സഹകരണ വകുപ്പുമായി ചേർന്ന് സ്റ്റേറ്റ്തലത്തിൽ ശിൽപ്പശാലകൾ സംഘടിപ്പിച്ച് ഐ.റ്റി. മേഖലയിലെ ചെറുപ്പക്കാരിൽ നിന്നും നൂതന ആശയങ്ങളും നിർദ്ദേശങ്ങളും സ്വീകരിച്ച് പുതിയ തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കാൻ പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് ശ്രമിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

(എ) സഹകരണ വകുപ്പിന്റെ മറുപടി

(29-12-2015-ലെ 11557/എ 2/15/സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സഹകരണ വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും യോജിച്ച് ടി വിഷയത്തിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതാണ്. 2015-16 സാമ്പത്തിക വർഷം IT മേഖലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി

പരിശീലിപ്പിക്കുന്നതിനും അവരെ സംരംഭം ആരംഭിക്കുവാൻ പ്രാപ്തമാക്കുന്നതിനും Kerala Start-up Mission-മായി സഹകരിച്ച് ഒരു പുതിയ പദ്ധതി പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്നതിന് 26-9-2015-ലെ സ.ഉ. (സാധാ.)1561/15 പജ.പവ.വിവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

(29-12-2015-ലെ 26175/ബി3/15/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

2015-16 സാമ്പത്തിക വർഷം ഐ.റ്റി. മേഖലയിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട സംരംഭകരെ കണ്ടെത്തി പരിശീലിപ്പിക്കുന്നതിനും അവരെ സംരംഭം ആരംഭിക്കാൻ പ്രാപ്തമാക്കുന്നതിനും കേരള സ്റ്റേറ്റ് സ്റ്റാർട്ട്-അപ്പ് മിഷനുമായി സഹകരിച്ച് ഒരു പുതിയ പദ്ധതി വകുപ്പുതലത്തിൽ നടപ്പിലാക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വകുപ്പിന്റെ കീഴിൽ പണി പൂർത്തിയായ മണ്ണന്തല അംബേദ്കർ ഭവനിലെ 5000 ചതുരശ്ര അടി സ്ഥലം നവീകരിച്ച് പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ വകുപ്പും കേരള സ്റ്റാർട്ട്-അപ്പ് മിഷനും സ്വീകരിച്ചുവരുന്നു. സമിതി നിർദ്ദേശ പ്രകാരം സഹകരണ വകുപ്പുമായി സഹകരിച്ച് സമാനമായ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ സാധ്യത സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(30-12-2015-ലെ സമിതിയോഗത്തിൽ പരിഗണിക്കുകയും അംഗീകരിയ്ക്കുകയും ചെയ്തു.)

(സി) പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി

(29-12-2015-ലെ 28690/ഇ 2/15/പജ.പവ.വിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

ഐ.റ്റി. വിദ്യാഭ്യാസം നേടിയിട്ടുള്ള പട്ടികവർഗ്ഗ യുവതീയുവാക്കളെ കണ്ടെത്തി അതിലൂടെ പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(19-1-2016-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 12 (ഖണ്ഡിക നമ്പർ 24)

സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്വയംസഹായ ഗ്രൂപ്പുകളെ കോ-ഓപ്പറേറ്റീവ് രജിസ്ട്രാറുടെ സമ്പൂർണ്ണ നിയന്ത്രണത്തിൽ ഓഡിറ്റുള്ള ഒരു സഹകരണ സംഘത്തിന്റെ നിയന്ത്രണത്തിലാക്കണമെന്നും അതുവഴി കുറേക്കൂടി മെച്ചപ്പെട്ട പ്രവർത്തനം സാധിച്ചെടുക്കുവാൻ കഴിയുമാറ് അവയെ ശക്തിപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സഹകരണ വകുപ്പിന്റെ മറുപടി

(29-12-2015-ലെ 11557/എ 2/15/സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സഹകരണ വകുപ്പിന്റെ കീഴിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന സംഘങ്ങളുടെ കീഴിലാണ് സ്വയംസഹായ ഗ്രൂപ്പുകൾ നിലവിൽ പ്രവർത്തിക്കുന്നത്. നല്ല രീതിയിൽ വിവിധ പദ്ധതികൾ ടി ഗ്രൂപ്പുകളിലൂടെ നടന്നുവരുന്നുണ്ട്. ടി ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തി കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 13 (ഖണ്ഡിക നമ്പർ 25)

പട്ടികജാതി സഹകരണ സംഘങ്ങളിൽ പണം നിക്ഷേപിച്ചാൽ പ്രസ്തുത നിക്ഷേപം യഥാസമയം തിരികെ ലഭിക്കുകയില്ല എന്ന നിലവിലെ തെറ്റായ ധാരണ തിരുത്തപ്പെടണമെന്നും പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളിൽ നിക്ഷേപിക്കപ്പെടുന്ന പണം പലിശസഹിതം യഥാസമയം തിരിച്ചുനൽകാൻ കഴിയുമാറ് അവയുടെ പ്രവർത്തനം ചിട്ടപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ജില്ലാതല എസ്.സി. എസ്.റ്റി. സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി വൈവിദ്ധ്യമാർന്ന മേഖലകൾ കണ്ടെത്തണമെന്നും പ്രാദേശികമായി കൂടുതൽ അനുയോജ്യമെന്ന് കണ്ടെത്തുന്ന പ്രോജക്ടുകൾക്ക് കോർപ്പസ് ഫണ്ടിൽ നിന്നും പൂൾഡ് ഫണ്ടിൽ നിന്നും ധനസഹായം ലഭ്യമാക്കി നൂതനങ്ങളായ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകണമെന്നും അതിലേക്ക് പട്ടികജാതി പട്ടികവർഗ്ഗ ജനവിഭാഗങ്ങളോടുള്ള സാമൂഹ്യ ഉത്തരവാദിത്വം എന്ന നിലയിൽ സഹകരണ വകുപ്പ് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുമായി ചേർന്ന് പ്രവർത്തിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

(എ) സഹകരണ വകുപ്പിന്റെ മറുപടി

(29-12-2015-ലെ 11557/എ 2/15/സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സംഘങ്ങൾ സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് കോർപ്പസ് ഫണ്ടിൽ നിന്നും പൂൾഡ് ഫണ്ടിൽ നിന്നും ധനസഹായം നൽകേണ്ടുന്ന നടപടി സ്വീകരിക്കേണ്ടത് പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പാണ്. പട്ടികജാതി വികസന വകുപ്പ് പൂൾഡ് ഫണ്ടിൽ നിന്നുള്ള ധനസഹായം പട്ടികജാതി സഹകരണ സംഘങ്ങൾക്ക് നൽകുന്നതിന് സഹകരണ വകുപ്പ് മുഖാന്തിരം അപേക്ഷ സമർപ്പിക്കുവാൻ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നിലവിൽ എസ്.സി. എസ്.റ്റി. സംഘങ്ങൾ വിവിധ നിക്ഷേപ പദ്ധതികൾ നടപ്പിലാക്കി വരുന്നതും ടി നിക്ഷേപിക്കുന്ന പണം തിരിച്ചുനൽകുവാൻ കഴിയുമാറ് സംഘങ്ങൾ സജ്ജരാണെന്നും കൃത്യമായി സംഘത്തിന്റെ പ്രവർത്തനം വിലയിരുത്തുന്നതിനും പരിശോധിക്കുന്നതിനും ജില്ലാതലത്തിൽ ഒരു അസിസ്റ്റന്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തിയിട്ടുള്ളതും സംഘം കണക്കുകൾ വകുപ്പ് ഉദ്യോഗസ്ഥർ ഓഡിറ്റ് ചെയ്യുന്നുമുണ്ട്. പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന പദ്ധതികൾക്ക് സഹകരണ വകുപ്പിന്റെ ശിപാർശയോടുകൂടി പൂൾഡ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്ന പദ്ധതിയുടെ ഭാഗമായി നിലവിൽ മാനന്തവാടിയിലെ പ്രിയദർശിനി തോട്ടവും അട്ടപ്പാടി ഫാം സൊസൈറ്റിയും സമർപ്പിക്കുന്ന വിവിധ പദ്ധതികൾക്ക് പട്ടികവർഗ്ഗ വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ 26-9-2015-ലെ സ.ഉ. (സാധാ.) 1560/15 പജ.പവ.വിവ. പ്രകാരം സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ഉതകുന്ന രണ്ട് പദ്ധതികൾക്ക് പട്ടികജാതി വകുപ്പ് 2015-16 സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്.

പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ നിക്ഷേപങ്ങൾ സ്വീകരിച്ചാൽ ടി തുക ഉപയോഗിച്ച് കൂടുതൽ വായ്പ അനുവദിച്ചാൽ മാത്രമേ സ്ഥാപനം ലാഭത്തിൽ കൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂ. വായ്പ അനുവദിക്കാൻ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ഈട് നൽകുന്നതിനായി ഗുണഭോക്താക്കൾ ആകുന്ന പട്ടികവർഗ്ഗക്കാരുടെ കൈവശം പട്ടയഭൂമി ഇല്ലെന്നും വനാവകാശ നിയമപ്രകാരം ലഭിക്കുന്ന ഭൂമി ഈടായി സ്വീകരിക്കുവാൻ നിലവിൽ നിയമം ഇല്ലെന്നും കൂടാതെ സർക്കാർ ജീവനക്കാരുടെ ജാമ്യം ലഭ്യമാക്കുന്നതിനും പട്ടികവർഗ്ഗക്കാർക്ക് സാഹചര്യമില്ല. ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ വായ്പാധിഷ്ഠിത പ്രവർത്തനങ്ങളേക്കാൾ ഉൽപ്പാദന വിപണന അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുകയാണ് അഭികാമ്യമെന്നും പട്ടികവർഗ്ഗ വികസന വകുപ്പ് അറിയിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ പ്രാദേശികമായി അനുയോജ്യമായ പദ്ധതികൾ കണ്ടെത്തി അതിനനുസൃതമായ രീതിയിൽ പദ്ധതികൾ ആവിഷ്കരിച്ച് പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുഖേന നടപ്പിലാക്കുന്ന വിഷയത്തിൽ ടി വകുപ്പുമായി ആലോചിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(30-12-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

(ബി) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി</u>

(29-12-2015-ലെ 26715/ബി 3/15/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ഉതകുന്ന രണ്ട് പദ്ധതികൾ വകുപ്പ് 2015-16 സാമ്പത്തിക വർഷം ആവിഷ്കരിച്ചിട്ടുണ്ട്. സമിതി നിർദ്ദേശ പ്രകാരം വൈവിദ്ധ്യമാർന്ന മേഖലകൾ പ്രാദേശികമായി കണ്ടെത്തുന്നതിനും നൂതനങ്ങളായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും സഹകരണ വകുപ്പുമായി സഹകരിച്ച് പദ്ധതി നിർദ്ദേശം സമർപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിൽ പട്ടികജാതി സഹകരണ സംഘങ്ങൾ പട്ടികജാതി വികസന വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ല. അതിനാൽ പട്ടികജാതി വികസന വകുപ്പിന് സംഘങ്ങളുടെ ദൈനംദിന പ്രവർത്തനങ്ങളിൽ ഇടപെടുന്നതിന് പരിമിതി ഉണ്ട്. എന്നിരുന്നാലും സഹകരണ വകുപ്പുമായി കൂടിയാലോചിച്ച് പട്ടികജാതി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് ഊർജ്ജിത ശ്രമങ്ങൾ നടത്തുന്നതാണ്.

(സി) <u>പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പിൽ നിന്നും ലഭ്യമായ മറുപടി</u>

(29-12-2015-ലെ 28690/ഇ 2/15/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ നിക്ഷേപങ്ങൾ സ്വീകരിച്ച് ടി തുക ഉപയോഗിച്ച് കൂടുതൽ വായ്പ അനുവദിച്ചാൽ മാത്രമെ സ്ഥാപനം ലാഭത്തിൽ കൊണ്ടുപോകാൻ സാധിക്കുകയുള്ളൂ. എന്നാൽ വായ്പ അനുവദിക്കുമ്പോൾ ഈട് നൽകാൻ ഗുണഭോക്താക്കളായ പട്ടികവർഗ്ഗക്കാർക്ക് കൈവശം പട്ടയഭൂമി ഇല്ല. കൂടാതെ വനാവകാശനിയമം അനുസരിച്ച് ലഭിക്കുന്ന ഭൂമി ഈടായി സ്വീകരിക്കാൻ നിലവിൽ നിയമം ഇല്ല. മേൽവസ്തുതകളുടെ അടിസ്ഥാനത്തിൽ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ വായ്പാധിഷ്ഠിത പ്രവർത്തനങ്ങളേക്കാൾ ഉൽപ്പാദന വിപണന അടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുകയാണ് അഭികാമ്യമെന്ന് അറിയിക്കുന്നു. കാലക്രമേണ ഉൽപ്പാദന വിപണനത്തിലൂടെ സാമ്പത്തികസ്ഥിതി മെച്ചപ്പെട്ട് കരുതൽ മൂലധനം ഉണ്ടാകുന്നമുറയ്ക്ക് ഫണ്ട് നിക്ഷേപത്തിന് ആവശ്യമായ പ്രവർത്തനം ആരംഭിക്കുന്നതാണ് എന്നും അറിയിക്കുന്നു.

(19-1-2016-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

അദ്ധ്യായം III

# സമിതി ശിപാർശകളിന്മേൽ ലഭിച്ച മറുപടികൾ പരിഗണിച്ചതിന്റെയും തെളിവെടുപ്പ് നടത്തിയതിന്റെയും അടിസ്ഥാനത്തിലുള്ള തുടർ ശിപാർശ സംബന്ധിച്ച വിശദാംശം

## ശിപാർശ നമ്പർ 1 (ഖണ്ഡിക നമ്പർ 6)

സംസ്ഥാനത്തെ കയർ, കൈത്തറി സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള ഇതരവിഭാഗത്തിൽപ്പെട്ട സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. ലോൺ ഉൾപ്പെടെയുള്ള കോടിക്കണക്കിന് രൂപയുടെ ബാദ്ധ്യത ഗവൺമെന്റ് ഷെയർ ആയി കൺവർട്ട് ചെയ്തുകൊടുക്കുന്ന സാഹചര്യത്തിൽ മേൽപ്പറഞ്ഞ പ്രത്യേക പരിഗണന നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കാര്യത്തിലും നൽകണമെന്നും പ്രസ്തുത സ്ഥാപനങ്ങളുടെ ലോണുകൾകൂടി സർക്കാർ ഷെയർ ആയി മാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ട് പ്രസ്തുത സഹകരണ സ്ഥാപനങ്ങളെ പ്രവർത്തനോന്മുഖമാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### (എ) സഹകരണ വകുപ്പിന്റെ മറുപടി

(29-12-2015-ലെ 11557/എ 2/15/സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സംസ്ഥാന പദ്ധതി പ്രകാരം എസ്.സി. എസ്.റ്റി. സംഘങ്ങൾക്ക് സർക്കാർ ധനസഹായമായി വായ്പകൾ നൽകുന്ന പദ്ധതി നിലവിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടില്ല. എങ്കിലും മുമ്പ് എൻ.സി.ഡി.സി./മറ്റ് പദ്ധതികൾ എന്നിവ പ്രകാരം അനുവദിച്ച് നൽകിയ വായ്പകൾ ഓഹരിയായി മാറ്റുന്നതിന് ആവശ്യമായ ശിപാർശകൾ നാളിതുവരെ സർക്കാരിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാകുന്നമുറയ്ക്ക് പ്രസ്തുത വിഷയം പരിശോധിക്കുന്നതാണ്.

### (ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിന്റെ മറുപടി

(29-12-2015-ലെ 26175/ബി 3/15/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

സ.ഉ. (സാധാ.) നമ്പർ 3246/09/തദ്ദേശസ്വയംഭരണ വകുപ്പ് തീയതി 7-12-2009 പ്രകാരം കഴിഞ്ഞ 3 വർഷമായി ഓഹരി മൂലധനത്തിന്റെ 50 ശതമാനത്തിൽ കൂടുതൽ നഷ്ടത്തിലല്ലാതെ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് ധനസഹായം അനുവദിക്കാൻ വ്യവസ്ഥയുണ്ട്.

കയർ, കൈത്തറി സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്ക് എൻ.സി.ഡി.സി. ലോൺ ഉൾപ്പെടെയുള്ള കോടിക്കണക്കിന് രൂപയുടെ

ബാദ്ധ്യത സർക്കാർ ഷെയർ ആയി കൺവർട്ട് ചെയ്യുന്നതുപോലെ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി സഹകരണ സംഘങ്ങളുടെ കാര്യത്തിലും പ്രസ്തുത സ്ഥാപനങ്ങളുടെ ലോണുകൾ സർക്കാർ ഷെയറായി മാറ്റുന്നത് സംബന്ധിച്ച ശിപാർശ പരിശോധിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സമിതി തീരുമാനം

6-ാം ഖണ്ഡികയിലെ ശിപാർശയിന്മേൽ സഹകരണ വകുപ്പിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പിൽ നിന്നും ലഭ്യമായ മറുപടികൾ 30-12-2015-ലെ തെളിവെടുപ്പുയോഗം വിശദമായി പരിഗണിച്ചതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ തുടർ ശിപാർശ ചുവടെ ചേർക്കുന്നു:

## തുടർ ശിപാർശ നമ്പർ 1

സംസ്ഥാനത്തെ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ സർക്കാരിന്റെ വിവിധ വകുപ്പുകളിൽ നിന്നും എടുത്തിട്ടുള്ള വായ്പകൾ സർക്കാർ ഷെയറുകളായി മാറ്റാൻ നടപടി സ്വീകരിക്കണമെന്ന സമിതി ശിപാർശ നടപ്പാക്കുന്ന കാര്യത്തിൽ സഹകരണ വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും അനുകൂല സമീപനമാണ് സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ സ്വീകരിച്ചത്. കൂടാതെ ഇക്കാര്യത്തിൽ ക്രിയാത്മകമായി എന്തൊക്കെ ചെയ്യാൻ കഴിയുമെന്ന് വിശദമായി പരിശോധിച്ചതിനുശേഷം നടപടി സ്വീകരിക്കുന്നതാണെന്ന് മേല്പറഞ്ഞ രണ്ട് വകുപ്പ് സെക്രട്ടറിമാരും സമിതിക്ക് ഉറപ്പുനൽകുകയും ചെയ്തിരുന്നു. ഈ സാഹചര്യത്തിൽ സമിതി (2014-2016)-യുടെ ഇരുപത്തി ഒന്നാമത് റിപ്പോർട്ടിലെ 6-ാം ഖണ്ഡികയിലെ ശിപാർശ സമയബന്ധിതമായി നടപ്പാക്കണമെന്നും അതു സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അടങ്ങുന്ന വിശദമായ റിപ്പോർട്ട് സഹകരണ വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പും എത്രയുംവേഗം സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ശിപാർശ നമ്പർ 2 (ഖണ്ഡിക നമ്പർ 9)

പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കായി വിവിധ സർക്കാർ ഫണ്ടുകൾ മുഖാന്തിരമുള്ള ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ തൊട്ടുമുമ്പുള്ള മൂന്നുവർഷം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം എന്ന നിബന്ധന പൂർണ്ണമായും ഒഴിവാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

(എ) സഹകരണ വകുപ്പിന്റെ മറുപടി

(29-12-2015-ലെ 11557/എ 3/15/സഹ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

നിലവിൽ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കായി വിവിധ സർക്കാർ ഫണ്ടുകൾ മുഖാന്തിരമുള്ള ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ തൊട്ടുമുമ്പുള്ള മൂന്നുവർഷം ലാഭത്തിൽ പ്രവർത്തിക്കണമെന്ന നിബന്ധന സഹകരണ വകുപ്പ് നിഷ്കർഷിച്ചിട്ടില്ല. എന്നാൽ 7-12-2009-ലെ സ.ഉ. (സാധാ.) 3246/09/തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം കഴിഞ്ഞ 3 വർഷമായി ഓഹരി മൂലധനത്തിന്റെ 56%-ൽ കൂടുതൽ നഷ്ടത്തിലല്ലാതെ പ്രവർത്തിക്കുന്ന സംഘങ്ങൾക്ക് മാത്രമേ സർക്കാർ ധനസഹായം അനുവദിക്കുവാൻ വ്യവസ്ഥയുള്ളൂ. പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ നിലവിലെ പ്രവർത്തന മികവ് താരതമ്യേന കുറവായതിനാൽ മേൽനിബന്ധനയിൽ ഇളവ് വരുത്തണമെന്ന സമിതിയുടെ ശിപാർശ തദ്ദേശസ്വയംഭരണ വകുപ്പും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുമായി ആലോചിച്ച് പരിശോധിക്കുന്നതാണ്.

(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ മറുപടി

(29-12-2015-ലെ 26175/ബി 3/15/പജപവവിവ. നമ്പർ കത്ത് മുഖേന ലഭിച്ചത്)

പട്ടികജാതി സഹകരണ സംഘങ്ങൾക്കായി വിവിധ സർക്കാർ മുഖാന്തിരമുള്ള ധനസഹായം അനുവദിക്കുന്ന കാര്യത്തിൽ തൊട്ടുമുമ്പുള്ള മൂന്നുവർഷം ലാഭത്തിൽ പ്രവർത്തിക്കണമെന്ന് വ്യവസ്ഥ ചെയ്തതായി കാണുന്നില്ല. സ.ഉ. (സാധാ.) നമ്പർ 3246/09/തസ്വഭവ. തീയതി 7-12-2009 കഴിഞ്ഞ 3 വർഷം ഓഹരി മൂലധനത്തിന്റെ 50%-ത്തിൽ കൂടുതൽ നഷ്ടത്തിലാകരുതെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

എന്നിരുന്നാലും സമിതിയുടെ ശിപാർശ സംബന്ധിച്ച് അഭിപ്രായം സമർപ്പിക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സമിതി തീരുമാനം

പട്ടികജാതി പട്ടികവർഗ്ഗ വികസനം, സഹകരണം എന്നീ വകുപ്പുകളിൽ നിന്നും 9-ാം നമ്പർ ഖണ്ഡികയിലെ ശിപാർശയിന്മേൽ ലഭ്യമായ മറുപടി 30-12-2015-ന് ചേർന്ന സമിതിയോഗം വിശദമായി പരിഗണിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. സഹകരണ സ്ഥാപനങ്ങൾക്ക് വിവിധ സർക്കാർ ഫണ്ടുകൾ മുഖാന്തിരമുള്ള ധനസഹായം അനുവദിക്കുന്നതിന് തൊട്ടുമുമ്പുള്ള മൂന്നുവർഷം പ്രസ്തുത സ്ഥാപനം ലാഭത്തിൽ പ്രവർത്തിച്ചിരിക്കണം എന്ന നിബന്ധന സഹകരണ വകുപ്പ് പൂർണ്ണമായും ഒഴിവാക്കിയിട്ടുള്ളതായും 7-12-2009-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സ.ഉ.(സാധാ.) 3246/09/ തസ്വഭവ. ഉത്തരവ് നിലനിൽക്കുന്നതിനാൽ തൊട്ടുമുമ്പുള്ള

മൂന്ന് വർഷം ലാഭത്തിൽ പ്രവർത്തിക്കണമെന്ന നിബന്ധന പ്രസ്തുത വകുപ്പിന്റെ കാര്യത്തിൽ ഒഴിവാക്കാൻ കഴിയില്ലെന്നും സമിതി മനസ്സിലാക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിലുള്ള സമിതിയുടെ തുടർ ശിപാർശ ചുവടെ ചേർക്കുന്നു:

## തുടർ ശിപാർശ നമ്പർ 2

നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ കാര്യത്തിൽ ഗവ. ധനസഹായം ലഭിക്കത്തക്കവിധത്തിൽ 7-12-2009-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിബന്ധനയിൽ ഇളവുവരുത്തേണ്ടത് അനിവാര്യമാണെന്ന് സമിതി വിലയിരുത്തുന്നു. ഈ സാഹചര്യത്തിൽ 7-12-2009-ലെ തദ്ദേശസ്വയംഭരണ വകുപ്പിന്റെ 3246/09/തസ്വഭവ. നമ്പർ ഉത്തരവ് പുനഃപരിശോധിക്കണമെന്നും ഗവ. ധനസഹായം അർഹതപ്പെട്ട എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്കും ലഭിക്കത്തക്കവിധത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ സഹകരണം, തദ്ദേശസ്വയംഭരണം, പട്ടികജാതി പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ തയ്യാറാകണമെന്നും ആയതിന്റെ അടിസ്ഥാനത്തിലുള്ള വിശദമായ നടപടി സ്റ്റേറ്റ്മെന്റ് മൂന്ന് വകുപ്പുകളും സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

വി. പി. സജീന്ദ്രൻ,
*അദ്ധ്യക്ഷൻ,*
*പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

<u>അനുബന്ധം I</u>

## 2011-12 വർഷം മുതൽ വിവിധ പദ്ധതികളിലൂടെ എസ്.സി./എസ്.റ്റി. സംഘങ്ങൾക്ക് അനുവദിച്ച ധനസഹായത്തിന്റെ വിശദവിവരം

(സർക്കാർ കത്ത് നമ്പർ 11557/എ 2/2015/സഹ. തീയതി 29-12-2015)

| ക്രമ നമ്പർ | പദ്ധതി | 2011-12 | | 2012-13 | | 2013-14 | | 2014-15 | | 2015-16 | |
|---|---|---|---|---|---|---|---|---|---|---|---|
| | | സംഘങ്ങളുടെ എണ്ണം | തുക | സംഘങ്ങളുടെ എണ്ണം | തുക | സംഘങ്ങളുടെ എണ്ണം | തുക | സംഘങ്ങളുടെ എണ്ണം | തുക | സംഘങ്ങളുടെ എണ്ണം | തുക |
| 1 | പുനരുദ്ധാരണം | 12 | 33,32,000 | 34 | 1,00,00,000 | 47 | 1,38,73,000 | 49 | 1,87,56,000 | 62 | 2,31,50,000 |
| 2 | കെട്ടിട പുനരുദ്ധാരണ ഗ്രാന്റ് | .. | .. | .. | .. | 48 | 1,40,65,000 | 52 | 1,56,00,000 | 12 | 52,00,000 |
| 3 | മാനേജീരിയൽ സബ്സിഡി | .. | .. | .. | .. | 129 | 76,11,000 | 112 | 66,42,000 | .. | .. |
| 4 | സർക്കാർ ഓഹരി മൂലധനം | .. | .. | .. | .. | 15 | 19,51,000 | 13 | 21,61,000 | .. | .. |
| 5 | റിവോൾവിംഗ് ഫണ്ട് | .. | .. | .. | .. | 5 | 18,50,400 | .. | .. | .. | .. |
| 6 | സ്വാശ്രയ ഗ്രൂപ്പുകൾക്കുള്ള പ്രാരംഭ ചെലവ് | | | 11 | 1,84,000 | 4 | 45,000 | 3 | 36,000 | .. | .. |
| 7 | കമ്പ്യൂട്ടർ പരിശീലന കേന്ദ്രം | .. | .. | .. | .. | .. | .. | 5 | 24,50,000 | 8 | 40,00,000 |
| | ആകെ | 12 | 33,32,000 | 45 | 1,01,84,000 | 248 | 3,93,95,400 | 229 | 4,31,95,000 | 82 | 3,23,50,000 |

അനുബന്ധം II

## പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ മുഖാന്തിരം ധനസഹായം ലഭ്യമാക്കുന്ന പ്രോജക്റ്റുകൾ

(സർക്കാർ കത്ത് നമ്പർ 11557/എ 2/2015/സഹ. തീയതി 29-12-2015)

1. ടെയിലറിംഗ് & റെഡിമെയ്ഡ് ഗാർമെന്റ്സ്
2. പേപ്പർ കപ്പ് & ക്യാരിബാഗ് നിർമ്മാണ യൂണിറ്റ്
3. ആട് വളർത്തൽ യൂണിറ്റ്
4. പശുവളർത്തൽ യൂണിറ്റ്
5. ഹയർ സർവീസ് & പന്തൽ ഡെക്കറേഷൻ യൂണിറ്റ്
6. ഫുഡ് പ്രോസസ്സിംഗ് & കാറ്ററിംഗ് സർവീസ് യൂണിറ്റ്
7. പ്രിന്റിംഗ് ബുക്ക്, ഫയൽ & ബൈന്റിംഗ്
8. പച്ചക്കറി & വാഴകൃഷി
9. ബുക്ക് സ്റ്റാൾ & സ്റ്റേഷനറി
10. കറി പൗഡർ യൂണിറ്റ്
11. വളം ഡിപ്പോ
12. കെട്ടിടനിർമ്മാണത്തിനുള്ള സാധനങ്ങൾ വാടകയ്ക്ക് നൽകുന്നത്
13. പൗൾട്രി ഫാം
14. സോഡാനിർമ്മാണ യൂണിറ്റ്
15. പ്രിന്റിംഗ് പ്രസ്സ്
16. ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ്
17. ഫർണിച്ചർ നിർമ്മാണ യൂണിറ്റ്
18. സ്വാശ്രയ ഗ്രൂപ്പുകൾക്കുള്ള ചെറുകിട വായ്പ
19. തടിയേതര വനവിഭവ ശേഖരണം (എം.എഫ്.പി. കളക്ഷൻ)
20. കൺസ്യൂമർ സ്റ്റോർ

21. ചൂരൽകൊണ്ടുള്ള ഫർണിച്ചർ നിർമ്മാണ യൂണിറ്റ്
22. മെഷീൻ ടൂൾസ് യൂണിറ്റ്
23. ഹോം ഷോപ്പ്
24. കയർ നിർമ്മാണ യൂണിറ്റ്
25. ഇലക്ട്രോലൈറ്റ് എൽ.ഇ.ഡി. സോളാർ എമർജൻസി അസ്സംബ്ലിംഗ് യൂണിറ്റ്
26. ടൈൽസ് നിർമ്മാണ യൂണിറ്റ്
27. കുടനിർമ്മാണ യൂണിറ്റ്
28. ടൂറിസം
29. റെക്സിൻ ബാഗ് നിർമ്മാണ യൂണിറ്റ്
30. മത്സ്യകൃഷി
31. ഡിസൈൻമാറ്റ് നിർമ്മാണ യൂണിറ്റ്
32. കോൾഡ് സ്റ്റോറേജ്
33. കൂൺകൃഷി
34. സോപ്പ്, ലോഷൻ നിർമ്മാണ യൂണിറ്റ്.

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.